## ദിവ്യ ത്രിത്വം

**I. മുഴുവൻ പുതിയനിയമത്തിന്റെയും അടിസ്ഥാനഘടന ദിവ്യ ത്രിത്വം ആയതുപോലെ, പ്രവൃത്തികളുടെ പുസ്തകത്തിന്റെ ഘടനയും ദിവ്യ ത്രിത്വമാണ്; പ്രവൃത്തികളുടെ ഓരോ അധ്യായവും ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള ദിവ്യത്രിത്വത്തിന്റെ പ്രവർത്തനത്തെ അനാവരണം ചെയ്യുന്നു**

- ദൈവം ഏകനാണെന്ന വെളിപാട് നമ്മെ ഭരിക്കണം
  - ത്രിയേക ദൈവം പ്രധാനമായും ദൈവത്തെ ത്തന്നെ സൂചിപ്പിക്കുന്നു; ദിവ്യത്രിത്വം പ്രധാന മായും ദൈവം ത്രിയേകനായിരിക്കുന്നതിനെ സൂചിപ്പിക്കുന്നു, അത് ദൈവത്വത്തിന്റെ പ്രാഥമിക സദ്ഗുണമാണ്
- ത്രിയേക ദൈവം—പിതാവ്, പുത്രൻ, ആത്മാവ്—പുത്രന്റെ ആരോഹണത്തിലും ആത്മാവിനെ പകരുന്നതിലും പൂർണമായും വ്യാപൃതനായിരുന്നു
  - പുത്രൻ ആരോഹണം ചെയ്തു, പിതാവ് അവനെ ഉയർത്തി, ആത്മാവ് പകരപ്പെട്ടു
- യേശുവിന്റെ ആത്മാവ് പരിശുദ്ധാത്മാവാണെന്ന് വെളിപ്പെടുത്തിക്കൊണ്ട്, പ്രവൃത്തികൾ 16:6-7-ൽ പരിശുദ്ധാത്മാവും യേശുവിന്റെ ആത്മാവും പര സ്പരം മാറ്റത്തക്കവിധം ഉപയോഗിച്ചിരിക്കുന്നു
  - പുതിയനിയമത്തിൽ ദൈവത്തിന്റെ ആത്മാ വിനുള്ള പൊതുവായ ഒരു അഭിധാനമാണ് പരിശുദ്ധാത്മാവ്
  - യേശുവിന്റെ ആത്മാവിൽ ദൈവത്തിന്റെ ദിവ്യ മൂലകം മാത്രമല്ല, യേശുവിന്റെ മനുഷ്യ മൂലകവും അവന്റെ മനുഷ്യജീവിതത്തി ന്റെയും അവന്റെ മരണത്തിന്റെ കഷ്ടാനുഭവത്തിന്റെയും മൂലകങ്ങൾ
  - കർത്താവിനുവേണ്ടി നാം ചെയ്യുന്ന വേല എത്തര ത്തിലുള്ള ആത്മാവിനാൽ നാം വഴി നടത്തപ്പെടുകയും, നയിക്കപ്പെടുകയും, നിർ ദ്ദേശിക്കപ്പെടുകയും, സംരചിക്കപ്പെടുകയും ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു
- ദൈവം സഭയെ “തന്റെ സ്വന്തരക്തം മുഖാന്തരം” നേടി
  - ജഡാവതാരത്തിലൂടെ സ്രഷ്ടാവും നിത്യനുമായ നമ്മുടെ ദൈവം മനുഷ്യനുമായി ഇഴുകിച്ചേർന്നു. തൽഫലമായി, അവൻ ഇനി ദൈവം മാത്രമല്ല—രക്തമുള്ളവനും നമുക്കുവേണ്ടി മരിക്കാൻ കഴിവുള്ളവനുമായ ഒരു ദൈവമനുഷ്യനായിത്തീർന്നു

## ദൈവരാജ്യം

**II. പ്രവൃത്തികളുടെ പുസ്തകത്തിൽ അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ പ്രധാന വിഷയം ദൈവരാജ്യമാണ്**

- പുനരുത്ഥാനം ചെയ്ത ക്രിസ്തു നാല്പതു ദിവസത്തെ കാലയളവിൽ അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് അവരോട് “ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങൾ” സംസാരിച്ചു എന്ന വസ്തുത സൂചിപ്പിക്കുന്നത് പെന്തക്കോസ്തിന് ശേഷമുള്ള അവരുടെ നിയോഗത്തിൽ അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ പ്രധാന വിഷയം രാജ്യമായിരിക്കും എന്നാണ്
- പുതിയനിയമപ്രകാരം, ദൈവരാജ്യം ദൃശ്യവും ഭൗതിക വുമായ ഒരു മണ്ഡലമല്ല; വാസ്തവത്തിൽ, ദൈവരാജ്യം ഒരു വ്യക്തിയാണ്, കർത്താവായ യേശു ക്രിസ്തു തന്നെ
- സഭകളും ദൈവരാജ്യവും ചേർന്നുപോകുന്നു; പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രചരണത്താൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സഭകളാണ് ഇന്ന് ഭൂമിയിലെ ദൈവരാജ്യം
  - ആത്മാവിനാലും ശിഷ്യന്മാരിലൂടെയും തന്റെ ആരോഹണത്തിൽ അവനെത്തന്നെ പ്രചരിപ്പിക്കുന്ന പുനരുത്ഥാനം ചെയ്ത ക്രിസ്തുവാണ് ദൈവരാജ്യത്തിന്റെ യാഥാർഥ്യം; ദൈവരാജ്യം അവന്റെ വികാസമാണ്
  - ദൈവരാജ്യത്തിന്റെ വിത്തായി തന്നെത്തന്നെ വിത യ്ക്കുവാൻ വന്ന ക്രിസ്തുവിന്റെ വികാസമാണ് സഭകൾ
  - സുവിശേഷങ്ങളിൽ ക്രിസ്തു രാജ്യത്തിന്റെ വിത്തായിരുന്നു; പ്രവൃത്തികളുടെ പുസ്തകത്തിൽ ദൈവരാജ്യമായ സഭകളെ ഉളവാക്കുന്നതിനുള്ള ഈ വിത്തിന്റെ വ്യാപനം നമുക്കുണ്ട്
- തന്റെ ജീവനിൽ ദൈവം വാഴുന്ന ഒരു മണ്ഡലം ഉളവാക്കുന്നതിന് തന്റെ വിശ്വാസികളിലേക്ക് ജീവനായി ക്രിസ്തു വ്യാപിപ്പിക്കുന്നതാണ് ദൈവരാജ്യം
- ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികൾക്കും സഭായുഗത്തിൽ അവരുടെ ദൈവാസ്വാദനത്തിനായി നീതിയിലും സമാധാനത്തിലും പരിശുദ്ധാത്മാവിലുള്ള സന്തോഷത്തിലും ദൈവരാജ്യത്തിൽ പങ്കുകൊള്ളുവാൻ കഴിയും
- ജയാളികളായ വിശ്വാസികൾ ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ട് വാഴേണ്ടതിന് വരുവാനുള്ള രാജ്യം അവകാശമാക്കുവാനും അതിൽ ആസ്വദിക്കുവാനും ദൈവരാജ്യം ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യമായിത്തീരും
- പ്രവൃത്തികൾ 14:22-ൽ, വിശ്വാസത്തിൽ തുടരുന്ന വിശ്വാസികളോട് അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം, രാജ്യമെന്ന നിലയിൽ ക്രിസ്തുവിന്റെ പൂർണ്ണാസ്വാദനത്തിലേക്ക് പ്രവേശിക്കണം എന്ന് പൗലൊസ് പ്രബോധിപ്പിച്ചു
- പ്രവൃത്തികൾ 19-ൽ, ദൈവം തന്റെ രാജ്യം ഭൂമിയിൽ വ്യാപിപ്പിക്കുന്നതിനെതിരെ സാത്താൻ പോരാടുന്നതായി നാം കാണുന്നു; ക്രിസ്തുവിന്റെ പ്രചരണത്തിനായുള്ള പ്രബലമായ ശുശ്രൂഷ ദൈവരാജ്യത്തിനായുള്ള ഒരു പോരാട്ടം, ഒരു യുദ്ധമാണ്
- 28:31-ൽ പൗലൊസ് ദൈവരാജ്യം പ്രഖ്യാപിച്ചത് പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രചരണമായിരുന്നു:
  - കർത്താവായ യേശു ക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങൾ ഉപദേശിക്കുന്നു എന്ന വാക്കുകൾ അവ ദൈവരാജ്യവുമായി ചേർന്നുപോകുന്നു എന്ന് തെളിയിക്കുന്നു
  - ക്രിസ്തുവിനെക്കുറിച്ച് പഠിപ്പിക്കുന്നത് ദൈവരാജ്യം പ്രചരിപ്പിക്കുന്നതാണ്; അതിനാൽ, ദൈവരാജ്യം യഥാർഥത്തിൽ പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രചരണമാണ്—അത് ഇന്നും വിശ്വാസികളിലൂടെ നിർവഹിക്കപ്പെട്ടു കൊണ്ടിരിക്കുന്ന പ്രക്രിയയാണ്



PSRP യോഗം സൂമിൽ (Zoom) — തിങ്കളാഴ്ച്ച വൈകുന്നേരം 7 മണിക്ക് Meeting ID: 984 094 547 Passcode: 1